**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 221**

# യഥാർത്ഥ മന:സാക്ഷി

ഓം ശ്രീ സായി രാം.
പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്, ഉപാഖ്യാനം 221.
ഞങ്ങളുടെ പോഡ്കാസ്റ്റുകൾ കേൾക്കുന്നതിനും നിങ്ങളുടെ സമയത്തിനും നന്ദി.

നാം മിക്കപ്പോഴും ഓരോ തവണയും പരാമർശിക്കാറുള്ള മന:സാക്ഷി(conscience) എന്ന സംഗതി തെറ്റാണ് എന്ന് നാം ചർച്ച ചെയ്തു കഴിഞ്ഞു. നാം പറയാറുള്ള ഈ മന:സാക്ഷി ഒരു സാമൂഹിക മന:സാക്ഷി(Social conscience) മാത്രമാണ്. അത് സമൂഹം, നിയമങ്ങൾ, വ്യവസ്ഥകൾ, പാരമ്പര്യം, അന്ധവിശ്വാസങ്ങൾ, മുതലായവ നമുക്കുമേൽ അടിച്ചേൽപ്പിച്ച മന:സാക്ഷിയാണ്. അപ്പോൾ, ഈ മന:സാക്ഷി എന്നു വിളിക്കപ്പെടുന്നത് യഥാർത്ഥ മന:സാക്ഷിയല്ല. അതൊരു സാമൂഹിക മന:സാക്ഷി മാത്രമാണ്. നിങ്ങൾ 'മന:സാക്ഷി' എന്നു വിളിക്കുന്ന ഈ പ്രതിഭാസം നിങ്ങളെ അടിച്ചമർത്തലിലേക്ക്, കുറ്റബോധത്തിലേക്ക്, ആത്മവഞ്ചനയിലേക്ക് നയിക്കുന്നു. പക്ഷേ, ഇത് സമൂഹത്തിന് പ്രയോജനകരമാണ് എന്തെന്നാൽ, അപ്പോൾ സമൂഹത്തിന് നിങ്ങളുടെ മേൽ ഒരു തരത്തിലുള്ള നിയന്ത്രണം സാധ്യമാവും.




ഈ ഉപാഖ്യാനത്തിൽ, യഥാർത്ഥ മന:സാക്ഷി(true conscience) എന്താണെന്ന് നമുക്ക് അന്വേഷിക്കാൻ ശ്രമിക്കാം. ഈ പ്രഭാഷണത്തിൽ ഞാൻ നിങ്ങളുമായി പങ്കു വയ്ക്കാൻ ആഗ്രഹിക്കുന്ന ഈ മന:സാക്ഷി, നിങ്ങളുടെ സ്വന്തം ആന്തര പ്രജ്ഞാബോധത്തിന്റെ(inner consciousness) ശബ്ദത്തിനായുള്ള ഒരു തേടലാണ്, സമൂഹം കളങ്കപ്പെടുത്താത്ത നിങ്ങളുടെ സ്വതവേയുള്ള ശബ്ദം. ആ മന:സാക്ഷിക്കുവേണ്ടിയുള്ള അന്വേഷണമാണ് മതം.




എന്താണ് മന:സാക്ഷി എന്നാൽ? നമുക്ക് ജീസസിന്റെ ഉദാഹരണമെടുക്കാം, വ്യഭിചാരക്കുറ്റം ചുമത്തപ്പെട്ട ഒരു സ്ത്രീ അവിടുത്തെ സമീപം കൊണ്ടുവരപ്പെട്ടു. അക്കാ

ലത്തെ നാട്ടുനടപ്പനുസരിച്ച്, വ്യഭിചാരം ചെയ്യുന്ന ഏതൊരാളെയും കല്ലെറിഞ്ഞു കൊല്ലേണ്ടതാണ്.

ഓരോരുത്തരും അവളെ എറിയുന്നതിനായി കല്ലുമായി തയ്യാറെടുത്തു നിൽക്കുമ്പോൾ, ജീസസ് അവിടെ പ്രത്യക്ഷനായിട്ട് പറയുന്നു, ''ശരി, ഇന്നത്തെ നിയമ പ്രകാരം നിങ്ങൾക്കിവളെ കല്ലെറിഞ്ഞു കൊല്ലാം. നിങ്ങളിൽ ഒരു പാപവും ചെയ്യാത്തവരായി ആരെങ്കിലുമുണ്ടെങ്കിൽ അവർ ഇവളെ കല്ലെറിയാൻ മുമ്പോട്ടു വരട്ടെ.''



ഇതു കേട്ടിട്ട്, ഓരോരുത്തരും പിന്തിരിഞ്ഞു. അവർക്ക് അവരവരോടുതന്നെ മറുപടി പറയാനായില്ല എന്തെന്നാൽ, ഒരുത്തൻ പോലും പാപത്തിൽനിന്നോ കുറ്റബോധത്തിൽനിന്നോ മുക്തനായിരുന്നില്ല.

അപ്പോൾ ജീസസ് മുന്നോട്ട് വന്നിട്ട് പറയുന്നു, ''ഞാൻ ഒരു പാപവും ചെയ്തിട്ടില്ല, പക്ഷേ സ്ത്രീയേ, പൊയ്ക്കോളൂ. ഇനിമേൽ പാപം ചെയ്യരുത്! ഇനി മുതൽ ഒരു പാപവും ചെയ്യാതിരിക്കുക.''

എന്നാൽ ആ സ്ത്രീ ജീസസിനോട് അപേക്ഷിക്കുന്നു, ''ഇത് ചെയ്തതിന് അവിടുന്ന് എന്നെ ശിക്ഷിക്കുകയെങ്കിലും ചെയ്താലും!'' ''അവിടുന്നെന്നെ ശിക്ഷിച്ചാലും, പ്രഭോ,'' അവൾ ജീസസിനോട് യാചിക്കുന്നു.

അപ്പോൾ ജീസസ് ചോദിച്ചു, ''നിന്നെ ശിക്ഷിക്കാൻ ഞാനാര്?''

അവിടുന്ന് ഒരു നിമിഷം കണ്ണുകളടച്ചു, അവ വീണ്ടും തുറന്ന് ആ സ്ത്രീയോട് അരുളി, ''നീ പോവുക, പരമപിതാവിനു മുമ്പാകെ മാത്രമേ നിന്നെ വിധിക്കാനാവൂ. വിധി പുറപ്പെടുവിക്കാൻ ഞാനാര്? നിന്നെ വിധിക്കാൻ ഞാനാരാണ്? ഞാൻ നിന്നെ സൃഷ്ടിച്ചിട്ടില്ല, നിനക്ക് ജീവൻ നൽകിയിട്ടില്ല, ഒരു തരത്തിലും നിന്റെ ജീവിതത്തിന്റെ നിയന്ത്രിതാവല്ല ഞാൻ. അപ്പോൾ, ഞാനെങ്ങനെ നിന്നിൽ തീർപ്പു കൽപിക്കും? ഓ! എനിക്ക് നിന്നോട് പറയാനാവുന്നത് ഇത്രമാത്രം, ആരെയും വിധിക്കാതിരിക്കുക. ഇനി നിനക്ക് പോകാം.''

ഇതാണ് മന:സാക്ഷിയുടെ ശബ്ദം! ഇത് സമൂഹത്തിന്റെ ശബ്ദമല്ല! ഇത് ഒരു ശാസ്ത്രഗ്രന്ഥത്തിലും എഴുതിവച്ചിട്ടില്ല. ഇത് സമൂഹം ആരെയും പഠിപ്പിച്ചതല്ല. ഇത് പഠിക്കപ്പെടാത്ത, നൈസർഗികമായ പ്രതികരണമാണ്!

നിങ്ങൾ ബുദ്ധനോടാണ് ചോദിച്ചിരുന്നതെങ്കിൽ, ഇതേ വാക്കുകൾ അദ്ദേഹത്തിലൂടെ പറയപ്പെട്ടേനേ. നിങ്ങൾ മഹാവീരനോടാണ് ചോദിച്ചിരുന്നതെങ്കിൽ, ഇതേ വാക്കുകൾ അദ്ദേഹത്തിലൂടെയും പറയപ്പെട്ടേനേ. ഇത് ഒരു വ്യക്തിയുടെ ശബ്ദമല്ല. ഇത് ഓരോ വ്യക്തിയുടെയും ഉള്ളിൽ ജീവിക്കുന്ന അരൂപിയായ സാർവലൗകിക ഉണ്മ (universal reality)യുടെ ശബ്ദമാണ്. ഇത് ഉള്ളിൽ മറഞ്ഞിരിക്കുന്ന പ്രജ്ഞയാണ്. ഇതിനെയാണ് യഥാർത്ഥ മന:സാക്ഷി(true conscience) എന്നു വിളിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും ഇതുണ്ട്! പക്ഷേ അത് സുപ്തമാണ്, നിഷ്ക്രിയമാണ്. നിങ്ങൾ അതിനെ തേടേണ്ടിയിരിക്കുന്നു. അത് നിങ്ങളുടെ ഉള്ളിൽ വികസിച്ചുവരുന്നതല്ല. അതവിടെയുണ്ട് എന്തെന്നാൽ, നിങ്ങളുടെ പ്രജ്ഞാബോധം(consciousness) അവിടെയുണ്ട്.



പ്രജ്ഞാബോധത്തിന് ഒരു ശബ്ദമുണ്ട്, പക്ഷേ അത് മറഞ്ഞിരിക്കും. നിങ്ങളിൽനിന്ന് പുറപ്പെടുന്ന ശബ്ദം നിങ്ങളിൽ ചെലുത്തപ്പെട്ട മറ്റുള്ളവരുടെ ശബ്ദമാവും. ആ ശബ്ദങ്ങൾ ഒരു ഗ്രാമഫോൺ റിക്കാർഡിന്റെ ശബ്ദംപോലെയാണ്. അവ നിങ്ങളുടെ പ്രജ്ഞാബോധത്തിന്റേതല്ല. ഗ്രാമഫോൺ റിക്കാർഡിലെ ഗുരുക്കന്മാരെപ്പോലെ സമൂഹം നിങ്ങളുടെ ഉള്ളിൽ ഗുരുക്കന്മാരെ സൃഷ്ടിച്ചിട്ടുണ്ട്. നിങ്ങളുടെ ധിഷണയുടെ സൂചി അവയ്ക്കു മീതെ ചലിക്കുമ്പോൾ ഒരു ശബ്ദം പുറത്തുവന്ന് ചോദിക്കുന്നു, "ഇത് നല്ലതാണ്, ഇത് ചീത്തയാണ്."

മന:സാക്ഷി എന്നത്, ഈ നല്ലതും ചീത്തയും സംബന്ധിച്ച എല്ലാ ആശയങ്ങളും മാറ്റിവയ്ക്കുന്നതിനും, ഉള്ളിലേക്ക് സഞ്ചരിച്ച് അവൻ ജനിക്കുന്നതിനും മുമ്പേ അവനു സ്വന്തമായ മുഖം, അവൻ ഗാഢനിദ്രയിലാവുമ്പോൾ പോലും അവന്റേതായി അവശേഷിക്കുന്ന മുഖം കാണുന്നതിനും ധൈര്യപ്പെടുന്നതാണ് എന്ന് ഒരുവന് കണ്ടെത്താനാവും. ഇരുണ്ട രാവിനു മധ്യേ, കിനാക്കൾ പോലും ഇല്ലാത്തപ്പോളും,

അവൻ മരിക്കുമ്പോഴും അവന്റെ ശരീരം ദ്രവിക്കുമ്പോഴും അവന്റേതായി തുടരുന്ന ആ മുഖമാണ് അവൻ കാണുന്നത്.

ഈ അന്വേഷണത്തിനു വേണ്ട ഒരു ശുപാർശ ഇതാണ്: 'ഇത് നല്ലതാണ്, ഇത് ചീത്തയാണ്' അഥവാ 'ഇത് ശരിയാണ്, ഇത് തെറ്റാണ്'എന്ന തോന്നൽ നിങ്ങളുടെ ഉള്ളിൽ എപ്പോളൊക്കെയാണോ തോന്നുന്നത്, അപ്പോൾ കുറച്ച് നിരീക്ഷണം നടത്തുക: ഇത് നിങ്ങളുടെ സ്വന്തം അവബോധമാണോ അതോ നിങ്ങൾ ജനിച്ച സമൂഹത്തിന്റെ ഒരു പ്രതിഫലനമാണോ?

മറ്റൊരു ഉദാഹരണം ഞാൻ നിങ്ങൾക്ക് നൽകാം. ആദിശങ്കരൻ തീരെ ചെറിയ പ്രായത്തിൽത്തന്നെ ഒരു സന്യാസിയായിത്തീർന്നു, വിരക്തനായി മാറി. അദ്ദേഹത്തിന്റെ മാതാവ് വൃദ്ധയായിരുന്നു. അദ്ദേഹം വൈകിയുണ്ടായ കുട്ടിയാണ്, പിതാവ് നേരത്തേ മരിച്ചുപോയിരുന്നു. അതുകൊണ്ട് ആ വൃദ്ധമാതാവിന് സന്യസിക്കുന്നതിൽ നിന്നും അവനെ തടയുന്നതിന് മതിയായ ധൈര്യം സംഭരിക്കുന്നതിന് കഴിഞ്ഞില്ല.



കഥയിൽ പറയപ്പെടുന്നതുപോലെ, ശങ്കരൻ ഒരു ദിവസം പുഴയിൽ നീന്തുമ്പോൾ ഒരു മുതല കാലിൽ പിടികൂടി. മുഴുവൻ ഗ്രാമവും അവനെ രക്ഷിക്കാനായി അവിടെ ഒത്തുകൂടി, അവന്റെ അമ്മയും ഓടിവന്നു.

ശങ്കരൻ അവന്റെ അമ്മയോട് ഉറക്കെ വിളിച്ചുപറഞ്ഞു, "ഞാൻ മുതലയോട് എന്നെ വിടാനായി പ്രാർത്ഥിക്കാം, അത് കേൾക്കാൻ സാധ്യതയുണ്ട്. പക്ഷേ, എന്റെ സന്യാസത്തിന്റെ കാര്യം എന്തു പറയുന്നു? അമ്മ എന്റെ സന്യാസത്തിന് സമ്മതിക്കുകയാണെങ്കിൽ മുതല എന്നെ വിടുമെന്നാണ് എനിക്കു തോന്നുന്നത്." ഇതായിരുന്നു സാഹചര്യം. അതിനർത്ഥം, അവന്റെ മരണത്തിലും ഭേദം സന്യാസമാണ് എന്നായിരുന്നു. ആരും തന്നെ സന്യാസത്തിന് സമ്മതിക്കുമായിരുന്നില്ല!

അവർ പറഞ്ഞു, “ഞാൻ നിനക്ക് വാക്കു തരുന്നു, നിന്റെ സന്യാസത്തിന് ഞാൻ സമ്മതിക്കാം, എന്നാൽ ആദ്യം എങ്ങനെയെങ്കിലുമൊന്ന് രക്ഷപ്പെടാൻ നോക്ക്!”

ആർക്കറിയാം? ആ മുതലയ്ക്കും ശങ്കരനും ഇടയിൽ ഏതോ ഒരു തരം സൗഹൃദം ഉണ്ടായിരുന്നിരിക്കണം! ഒരു പൂർവജന്മത്തിൽനിന്നുള്ള ഏതോ ബന്ധം അവിടെ യുണ്ടായിരിക്കണം എന്തെന്നാൽ, മുതല ശങ്കരന്റെ കാലിലെ പിടി വിട്ടു. അവൻ അതിജീവിച്ചു, അവനൊരു സന്യാസിയായിത്തീർന്നു.



ഭഗവാൻ ഭജഗോവിന്ദം നാടകത്തിനു ശേഷം വിദ്യാർത്ഥികളുമൊത്ത്(1987)

ഇനി, ഈ കഥയുടെ മറുഭാഗം ഇങ്ങനെ പോകുന്നു: അവൻ പുറപ്പെടാനൊരുങ്ങു മ്പോൾ, അവന്റെ അമ്മ അവരുടെ അന്ത്യകർമ്മങ്ങൾ അവൻതന്നെ ചെയ്തു കൊള്ളാം എന്ന് അവനെക്കൊണ്ട് പ്രതിജ്ഞ ചെയ്യിക്കുന്നു. അക്കാലത്ത് അതൊരു സങ്കീർണമായ വിഷയമായിരുന്നു. ശങ്കരൻ എവിടെയാണ് അലഞ്ഞുതിരിയുന്നതെന്ന് ആർക്കും അറിവുണ്ടായിരുന്നില്ല. അക്കാലത്ത്, സകല യാത്രയും കാൽനടയായിട്ടാ ണ്, രാജ്യമുടനീളം ഒരു ഭിക്ഷുവിനെപ്പോലെ അദ്ദേഹത്തിന് ചുറ്റിക്കറങ്ങാനായി, പക്ഷേ എന്നിട്ടും അദ്ദേഹം വാക്ക് കൊടുത്തു.

അങ്ങനെയിരിക്കെ ശങ്കരന്റെ മാതാവ് അസുഖബാധിതയായി, അദ്ദേഹം അതെക്കു റിച്ച് കേട്ടപാടേ, അദ്ദേഹം അവരുടെ സമീപത്തേക്ക് കുതിച്ചെത്തി. അദ്ദേഹത്തിന്റെ

സഹസന്യാസിമാർ, അദ്ദേഹത്തിന്റെതന്നെ ശിഷ്യന്മാർ അദ്ദേഹത്തോട് പറഞ്ഞു, "ആരാണ് അവിടുത്തെ മാതാവ്? അവിടുത്തെ പിതാവ് ആരാണ്? ഒരു സന്യാസിയെ സംബന്ധിച്ച്, മാതാവുമില്ല, പിതാവുമില്ല, അവിടുന്ന് അജ്ഞാനത്തിലാണ് അവിടുത്തെ പ്രതിജ്ഞ ചെയ്തത്. അവിടുന്നുതന്നെ പറയുന്നുവല്ലോ, ലോകം മിഥ്യയാണ്, മായയാണ് എന്ന്. അപ്പോൾ വാക്കുകളെന്ത്? വാഗ്ദാനമെന്ത്? ആരാണവ നിറവേറ്റുന്നത്? അതെല്ലാം ഒരു സ്വപ്നം! അവിടുന്നുതന്നെ അപ്രകാരം പറയുന്നു!"



ശങ്കരൻ താഴെ ഇരുന്നു, അദ്ദേഹത്തിന്റെ കണ്ണുകളടച്ചു, എന്നിട്ട് അദ്ദേഹം എണീറ്റ് ഇപ്രകാരം പറഞ്ഞു, "അല്ല! എനിക്ക് പോയേ മതിയാവൂ! ലോകം മിഥ്യയായിരിക്കാം. എല്ലാ ബന്ധങ്ങളും വ്യാജമാകാം. എന്നാൽ എന്റെ ഉള്ളിന്റെ ആഴത്തിലെന്തോ എന്നോടു പറയുന്നു, ഞാൻ പോയേ തീരൂ എന്ന്!"

നമുക്ക് സംശയങ്ങളുണ്ടാവാം എന്തെന്നാൽ, ആരറിയുന്നു? ഇത് യഥാർത്ഥ മന:സാക്ഷിയാവാം, ആവാതിരിക്കാം. എന്തെന്നാൽ, എന്തുതന്നെ ആയാലും, അവർ അദ്ദേഹത്തിന്റെ അമ്മയാണ്. അദ്ദേഹം അവർക്ക് വാക്കു കൊടുത്തതാണ്. ഇതൊക്കെ അദ്ദേഹത്തിന്റെ കണ്ടീഷനിംഗിൽനിന്നുള്ള കേവലമൊരു മുദ്ര(imprint) മാത്രമാവാം. അപ്പോൾ, ഇനിയെന്താണ് ചെയ്യുക?

നിങ്ങൾ വാക്ക് കൊടുത്തു പോയി, നിങ്ങളത് കൊടുത്തത് നിങ്ങളുടെ മരിച്ചുകൊണ്ടിരിക്കുന്ന മാതാവിനാണ്, ഇത് അവരുടെ അന്ത്യനിമിഷങ്ങളായേക്കാം എങ്കിൽ, നിങ്ങളെന്താണ് ചെയ്യേണ്ടത്? അത് സമൂഹത്തിൽനിന്നുള്ള ഒരു ശബ്ദമാവാം. പക്ഷേ താമസിയാതെ, അദ്ദേഹത്തിന്റെ കൂട്ടാളികൾക്കും അദ്ദേഹത്തിന്റെ ശിഷ്യർക്കും മനസ്സിലായി, അത് സമൂഹത്തിന്റെ ശബ്ദമായിരുന്നില്ല.

ശങ്കരൻ ഗ്രാമത്തിൽ എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ കുടുംബം ഒരു നമ്പൂതിരി കുടുംബമായിരുന്നു, തെക്കേ ഇന്ത്യയിലെ ബ്രാഹ്മണരിൽ ഏറ്റവും ഉയർന്ന ജാതി.

മുഴുവൻ ഗ്രാമവും എതിർത്തു, “എങ്ങനെയാണ് സന്യാസിയായ ഒരു പുത്രന് സ്വന്തം അമ്മയുടെ ശവസംസ്കാരം നടത്താനാവുക? അവന് പിതാവാരാണ്? മാതാവാരാണ്? എങ്ങനെയാണ് ഒരു സന്യാസിക്ക് അവരുടെ കർമം ചെയ്യാനാവുക? അങ്ങനെ ചെയ്തുകൂടാ! അത് സന്യാസത്തെ അപകീർത്തിപ്പെടുത്തും!”

പക്ഷേ ശങ്കരൻ പറഞ്ഞു, “അവരുടെ അന്ത്യകർമങ്ങളെല്ലാം ചെയ്യാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു!”
ഗ്രാമത്തിൽനിന്നാരും ശവസംസ്കാരത്തിന് പോയില്ല. ശവത്തിന് നല്ല ഭാരമായിരുന്നു. അദ്ദേഹത്തിന്റെ അമ്മയ്ക്ക് ഒത്ത ശരീരമായിരുന്നു, ശങ്കരനാവട്ടെ മെലിഞ്ഞ് കുറുകിയിട്ടും. അദ്ദേഹത്തിന് ഒറ്റയ്ക്ക് ശവമെടുത്തുകൊണ്ട് സംസ്കാരസ്ഥലത്തേക്ക് പോകുന്നതിന് ബുദ്ധിമുട്ടായിരുന്നു.

അതുകൊണ്ട് അദ്ദേഹം എന്തു ചെയ്തെന്നാൽ, അദ്ദേഹം ഒരു വാളെടുത്തു, തന്റെ കണ്ണുകളടച്ചു, തന്റെ മാതാവിന്റെ ശരീരം 3 കഷ്ണങ്ങളാക്കി. മൂന്നു തവണയായി സ്വമാതാവിന്റെ ജീവനറ്റ ശരീരം അദ്ദേഹം ശവപ്പറമ്പിലേക്ക് കൊണ്ടുപോയി. ഈ മനുഷ്യനും സമൂഹം സമ്മാനിച്ച ഒരു അന്ത:കരണം ഉണ്ടാവണം. അമ്മയുടെ ശരീരം മൂന്നായി മുറിക്കാൻ കഴിഞ്ഞവനോ? അദ്ദേഹത്തിന്റെ സഖാക്കളും അദ്ദേഹത്തിന്റെ ബന്ധുക്കളും പോലും ആകെ കുഴങ്ങി. എന്താണദ്ദേഹം ചെയ്യുന്നതെന്ന് അവർ അതിശയിച്ചു.




ശങ്കരൻ അവരോട് പറഞ്ഞു, “ലോകം മായയാണ്. തന്നെയുമല്ല, അതൊരു മൃതശരീരമായിരുന്നു, അത് മുറിക്കുന്നതുകൊണ്ട് ഒരു ദോഷവുമില്ല എന്തെന്നാൽ, ഞാൻ എന്റെ അന്ത:കരണ(inner conscience)ത്തോട് ചോദിച്ചു.”

ഇതാണ് യഥാർത്ഥ അന്ത:കരണം അഥവാ മന:സാക്ഷി എന്നത്! സമൂഹം സമ്മാനിച്ച അന്ത:കരണം നിങ്ങൾ മാറ്റിവച്ചേ മതിയാവൂ, ഒഴികഴിവു കൂടാതെ. ഒന്നു മാത്രം അവശേഷിപ്പിക്കുക, എന്നിട്ട് സാവധാനം നിങ്ങളുടെ ഉള്ളിലേക്കുതന്നെ നോക്കാൻ തുടങ്ങുക. എന്താണ് സമൂഹത്തിൽനിന്ന് വന്നത്, എന്താണ് നിങ്ങളുടെ സ്വന്തം എന്ന് ഓരോന്നും നിങ്ങൾക്ക് വ്യക്തമായി കാണാവുന്ന ഒരു നിമിഷം വരും. നിങ്ങളുടെ

സ്വന്തം ശബ്ദം എപ്പോളൊക്കെ ശ്രവിക്കുന്നോ, മറ്റൊരു ശബ്ദവും അതിനു വിരുദ്ധമായി ഉണ്ടാവില്ല. അത് ഏകകണ്ഠമായിരിക്കും!

എന്നിരുന്നാലും, സമൂഹത്തിന്റെ ശബ്ദത്തിനൊപ്പം, ഒരു എതിർ ശബ്ദവും എല്ലായ്പോഴും ഉണ്ടാവും. 'മോഷണം നല്ലതല്ല' എന്ന് നിങ്ങൾ മന:സാക്ഷി എന്ന് വിളിക്കുന്നത് എത്രയധികം നിങ്ങളോട് പറയുന്നു എന്നത് വിഷയമല്ല, മറ്റൊരു ഭാഗം



നിങ്ങളോട് പറയും, "മുന്നോട്ട് പോകൂ! അത് ചെയ്യൂ! ആരറിയാനാണ്?"

ഒരു വശം പറയുന്നു, "മാംസാഹാരശീലം(Non-vegetarianism) മോശമൊന്നുമല്ല!" മറ്റൊരു വശം പറയുന്നു, "ലോകം മുഴുവനും അത് ചെയ്യുന്നുണ്ട്! നീ മാത്രമെന്തിനാണിങ്ങനെ നല്ലവനാകാൻ ശ്രമിക്കുന്നത്? എന്തിനാണ് നീ ഈ ഭാരമൊക്കെ പേറുന്നത്?" അല്ലെങ്കിൽ 'മദ്യപാനം നല്ലതല്ല' എന്ന് മറ്റൊരു ശബ്ദം പറയുന്നു, അതേസമയം മറ്റൊന്ന് പറയുന്നു, "മുഴുവൻ ലോകവും കുടിക്കുന്നു! നീയെന്തിനാണിങ്ങനെ നിന്റെ ജീവിതം പാഴാക്കുന്നത്? കുടിക്കൂ!"

അപ്പോൾ, വ്യാജ മന:സാക്ഷി(false conscience)യുടെ ഒരു ലക്ഷണം, എല്ലായ്പോഴും ഒരു എതിർശബ്ദം(opposing voice) ഉണ്ടാവും എന്നതാണ്. യഥാർത്ഥ മന:സാക്ഷിക്ക് എതിർശബ്ദം ഉണ്ടാവില്ല! അത് ഒരൊറ്റ ഏകശബ്ദമാവും. അതിനെ എതിർക്കുന്നതിന് ശബ്ദമൊന്നും ഉണ്ടാവില്ല. അപ്പോൾ, നിങ്ങൾ ഒരു എതിർശബ്ദം കേൾക്കുന്നിടത്തോളം, നല്ലപോലെ അറിഞ്ഞോളുക, അത് സമൂഹം തന്ന മന:സാക്ഷിയാണ്, ഈശ്വരൻ തന്ന മന:സാക്ഷിയല്ല.




ശങ്കരൻ ചെയ്തതുപോലെ, ഒരു ദിവസം നിങ്ങളും ആ ഏകശബ്ദം കേൾക്കും. ശവം മുറിക്കാനുള്ള ആശയം അദ്ദേഹത്തിന് കിട്ടി, അദ്ദേഹം ഒരു വാളെടുത്ത് അതു ചെയ്തു. അദ്ദേഹം മടിച്ചില്ല, ഒരൊറ്റ നിമിഷത്തേക്കു പോലും. അദ്ദേഹം ഇപ്രകാരം ചിന്തിച്ചില്ല "ആദ്യം, എന്റെ അമ്മയുടെ ശരീരം മുറിക്കണോ വേണ്ടയോ എന്ന് ഞാൻ ആലോചിക്കട്ടെ. എന്നെ അക്രമകാരിയായി കരുതി

യേക്കും, ഞാൻ എന്താണ് ചെയ്യുന്നതെന്ന് അവർ ചോദിക്കും. ഇത് മുമ്പുണ്ടാകാത്ത താണ്. ആരുംതന്നെ ഒരിക്കലും ഇത് ചെയ്തിട്ടില്ല. ഒരു പുത്രനും ഇപ്രകാരം ചെയ്തിട്ടില്ല, പ്രത്യേകിച്ചും എന്നെപ്പോലെ ഒരു പുത്രൻ, ഒരു സന്യാസി, ഒരിക്കലും ഇങ്ങനെ ചെയ്തിട്ടില്ല.'' പക്ഷേ അങ്ങനെയല്ല! അദ്ദേഹം അതു ചെയ്തു! അദ്ദേഹം ശവം എടുത്തുകൊണ്ടുപോയി, ശരീരം ദഹിപ്പിച്ചു, വളരെ സന്തോഷത്തോടെ തിരികെ പോയി, എന്തെന്നാൽ, ദൗത്യം പൂർത്തിയായിരിക്കുന്നു.

ഇത് അദ്ദേഹത്തിന്റെ സ്വന്തം ശബ്ദമായിരുന്നു. ഒരിക്കലല്ല, ശങ്കരന്റെ മുഴുവൻ ജീവി തത്തിലും, ശങ്കരൻ തെറ്റായതെന്തെങ്കിലും ചെയ്തു എന്ന് ഒരു അവസരത്തിലെ ങ്കിലും അദ്ദേഹം പരാമർശിച്ചതായി ആരെങ്കിലും കേട്ടിട്ടുണ്ടോ?

മന:സാക്ഷി എന്ന് നിങ്ങൾ വിളിക്കുന്നതിനെ നിങ്ങൾ ശ്രവിക്കുമ്പോൾ, നിങ്ങൾ അതിനെ അനുസരിച്ചാലും ഇല്ലെങ്കിലും, രണ്ടായാലും നിങ്ങൾക്ക് കുറ്റബോധം ഉണ്ടാവും. ഇതാണ് രണ്ടാമത്തെ സവിശേഷത. നിങ്ങൾ നിങ്ങളുടെ വ്യാജ മന:സാ ക്ഷിയാണ് കേൾക്കുന്നതെങ്കിൽ, അപ്പോൾ നിങ്ങൾക്കും കുറ്റബോധമുണ്ടാവും.

നിങ്ങൾ മോഷണമൊന്നും നടത്തിയിട്ടില്ല അഥവാ തെറ്റായ ഒന്നും ചെയ്തിട്ടില്ല എന്തെന്നാൽ, നിങ്ങളുടെ ജീവിതകാലം മുഴുവനും ഈ മന:സാക്ഷിയെ കേൾക്കുകയായിരുന്നു നിങ്ങൾ. പക്ഷേ മറ്റുള്ളവർ ചെയ്ത എന്തോ ഒന്ന് നിങ്ങൾക്കു നഷ്ടമായതായി നിങ്ങൾക്കു തോന്നും. നിങ്ങൾ ചിന്തിക്കും, ''അതൊരു നിമിഷമായി



രുന്നു, ഒരു അവസരമായിരുന്നു, എനിക്കത് നഷ്ട മായി! ആ മനുഷ്യൻ അതു ചെയ്തു, അയാൾ പിടിക്ക പ്പെട്ടില്ല! മറ്റവൻ അതു ചെയ്തു, അവൻ സർക്കാരിൽ ഒരു മന്ത്രിയായി! മറ്റൊരുവൻ അതു ചെയ്തു, അവൻ അത്രയധികം നേടി! ഇവിടെ ഞാനോ! പട്ടിണിയും ദാരിദ്ര്യവുമായിട്ട് മരിക്കുന്നു! എത്ര അർത്ഥശൂന്യമായ ആദർശവാദത്തിനാണ് ഞാൻ ഇരയായത്?''

ഈ ആളുകൾ ചെയ്തത് എന്തോ അത് നിങ്ങൾ ചെയ്യുകയായിരുന്നു എങ്കിൽ, അപ്പോഴും, നിങ്ങൾ അതിൽ പരിതപിക്കും എന്തെന്നാൽ, നിങ്ങളത് ചെയ്താൽ നിങ്ങൾക്ക് ആത്മനിരാസം, മനസാക്ഷിക്കുത്ത്, കുറ്റബോധം തോന്നും. നിങ്ങൾ ചിന്തിക്കും, ''ഞാനത് ചെയ്യാതിരിക്കുകയായിരുന്നു ഭേദം.''

നിങ്ങൾ എന്തു ചെയ്യുന്നു എന്നത് വിഷയമല്ല, സമൂഹം നൽകുന്ന മന:സാക്ഷി നിങ്ങളിൽ കുറ്റബോധം ജനിപ്പിക്കും. എന്തെന്നത് വിഷയമല്ല! എന്തെന്നാൽ, എല്ലാ

യ്പോഴും രണ്ട് ശബ്ദങ്ങളുണ്ടാവും, പക്ഷേ ആ രണ്ടിൽ ഒന്നുമായി മാത്രമേ നിങ്ങൾക്ക് യോജിക്കാനാവൂ. അപ്പോൾ, മറ്റേതിന് എന്തു സംഭവിക്കും? മറ്റേ വശം കാത്തിരിക്കും, പിന്നീട് അത് നിങ്ങളിൽ കുറ്റബോധം തോന്നിപ്പിക്കും. എന്നിരുന്നാലും, നിങ്ങൾ നിങ്ങളുടെ യഥാർത്ഥ മന:സാക്ഷിയുടെ ശബ്ദം അനുസരിച്ചാൽ, ഒരിക്കലും കുറ്റബോധം അഥവാ പശ്ചാത്താപം ഉണ്ടാവില്ല. ഒരിക്കലും!

മൂന്നാമത്തെ സവിശേഷത എന്തെന്നാൽ, നിങ്ങൾ ആശ്രയിക്കുന്ന മന:സാക്ഷി ഒരു ഓർമ്മ സൃഷ്ടിക്കുന്നു എന്നതാണ്, കാരണം അതിൽനിന്ന് ഉളവാകുന്ന ഒരു പ്രവൃത്തിയും എപ്പോഴും പൂർണമാവില്ല. അത് എല്ലായ്പോഴും ഭാഗികമായിരിക്കും എന്തെന്നാൽ, നിങ്ങളുടെ പകുതി എല്ലായ്പോഴും അതിനോട് വിയോജിക്കുന്നു. മോഷ്ടിക്കാൻതന്നെ നിങ്ങൾ തീരുമാനിച്ചാൽ പോലും, നിങ്ങളത് പാതി മനസ്സോടെയാവും ചെയ്യുക.

മുഴുവനും കള്ളനായ ഒരു മോഷ്ടാവിനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? മുഴുവനും സത്യസന്ധനല്ലാത്ത(totally dishonest) ഒരൊറ്റ വ്യക്തിയെ എങ്കിലും നിങ്ങൾക്ക് കണ്ടെത്താനാവുമോ? മുഴുവനും സത്യസന്ധനല്ലാതിരിക്കുക എന്നത് അർത്ഥമാക്കുന്നത്, നിങ്ങൾ തെറ്റായതെന്തോ അഥവാ മോശമായതെന്തോ ചെയ്യുകയാണ്, നിങ്ങൾ ചെയ്യരുതാത്ത ഒരു കാര്യം നിങ്ങൾ ചെയ്യുകയാണ് എന്ന ഒരു മങ്ങിയ ആശയം പോലും നിങ്ങൾക്ക് ഇല്ലാതിരിക്കുക എന്നാണ്. “ഇത് സത്യസന്ധതയില്ലായ്മയാണ്!” എന്ന് എവിടെയോ ഒരു വേറിട്ട ശബ്ദം പോലും ഇല്ല എന്നാണ് അതിനർത്ഥം. ഇല്ല, തികച്ചും സത്യസന്ധനല്ലാത്ത ഒരാളെ കണ്ടെത്തുക വളരെ ദുഷ്കരമാവും.



സത്യസന്ധരല്ലാത്ത ആളുകളുടെ ഒരു ലോകത്ത്, തികച്ചും സത്യസന്ധനായ ഒരു വ്യക്തിയെ, ഒരു ദോഷവും ചെയ്തിട്ടില്ലെന്ന് തന്റെ ഹൃദയത്തിൽ തോന്നാത്ത ഒരാളെ, കണ്ടെത്തുക വളരെ ശ്രമകരമാവും-സമൂഹം അവർ തെറ്റായ പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് വിധിച്ചിട്ടുണ്ടെന്നാലും.

നിങ്ങൾ ഈ സമൂഹ മന:സാക്ഷി(social conscience)യെ പിന്തുടരുകയാണെങ്കിൽ ഈ തോന്നൽ അവിടെയുണ്ടാവും. നിങ്ങൾ ഈ മന:സാക്ഷിയെ അനുസരിച്ചാൽ എന്താണ് സംഭവിക്കുക? അത് ഒരു സ്മരണ(memory)യെ സൃഷ്ടിക്കും എന്തെന്നാൽ, നിങ്ങളുടെ ചെയ്തികൾ ഭാഗികമായിരിക്കും. ആ ഓർമ്മ മനസ്സിൽ തങ്ങി

നിൽക്കും, ഒരു തോന്നൽ നീണ്ടുനിൽക്കും, "എന്തുകൊണ്ടാണ് ഞാനത് പൂർണ്ണമന സ്സോടെ, മുഴുവനായി ചെയ്യാഞ്ഞത്?"

എന്നാൽ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന മന:സാക്ഷി, യഥാർത്ഥ മന:സാക്ഷി യെന്നത്, സ്മരണകളൊന്നും സൃഷ്ടിക്കുന്നില്ല. സമഗ്രമായ ഒരു പ്രവൃത്തി ഓർമ്മക ളുണ്ടാക്കുന്നില്ല! അത് ചെയ്യപ്പെടുന്നു, അത് കഴിഞ്ഞു, അത് പൊയ്പോവുന്നു!

നാലാമത്തെയും അവസാനത്തേതുമായ സവിശേഷത എന്നത്, നിങ്ങൾ ഈ വ്യാജ മന:സാക്ഷിയനുസരിച്ച് ജീവിക്കുകയാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ കർമങ്ങളാൽ ബദ്ധരാവും എന്തെന്നാൽ, അവ ഒരു സ്മരണ സൃഷ്ടിക്കും. അത് നിങ്ങളുടെ മന സ്സിൽ ഒട്ടിനിൽക്കും, അത് മാറിപ്പോവില്ല.

പ്രവൃത്തി പൂർണമാണെങ്കിൽ, അപ്പോൾ സ്മരണകളൊന്നും സൃഷ്ടിക്കപ്പെടുന്നില്ല; ആ കർമ്മങ്ങൾ മൂലം അതിരുകളൊന്നും സൃഷ്ടിക്കപ്പെടുന്നില്ല. മനസ്സ് എല്ലാ യ്പോഴും സ്വതന്ത്രമായി അവശേഷിക്കും. നിങ്ങൾ നിങ്ങളുടെ സമഗ്ര ഹൃദയം കൊണ്ട് എന്തുതന്നെ ചെയ്താലും, അത് നിങ്ങളുടെ ഹൃദയത്തിന് ഒരു ഭാരമായി ത്തീരില്ല. അതുകൊണ്ട്, നിങ്ങൾ എന്തുതന്നെ ചെയ്താലും, അത് പൂർണ മന സ്സോടെ ചെയ്യുക. പാതി മനസ്സോടെയാണ് നിങ്ങളത് ചെയ്യുന്നതെങ്കിൽ, അതൊരു പാപമാവും. നിങ്ങൾ എന്തുതന്നെ ചെയ്താലും, അത് പൂർണ മനസ്സോടെയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, അതൊരു പുണ്യമാവും. അതാണ് നിർവചനം.

ദയവായി ഓർക്കുക, പാതി മനസ്സോടെ ചെയ്യുന്നതെന്തും ഒരു പാപമാണ്, പാതി മന സ്സോടെ ഒരു ക്ഷേത്രമാണ് പണിയുന്നതെങ്കിൽക്കൂടി. പൂർണമനസ്സോടെ ചെയ്യുന്നതെന്തും പുണ്യമാണ്, നിങ്ങൾ മോഷ്ടിക്കുകയാണെങ്കിൽക്കൂടി. പക്ഷേ, നിങ്ങൾ പൂർണമനസ്കനായിരിക്കുമ്പോൾ മോഷ്ടിക്കാൻ കഴിയില്ല, പാതി മന സ്സോടെ നിങ്ങൾക്ക് ഒരു ക്ഷേത്രം പണിയാനാവുമെങ്കിലും!

അപ്പോൾ, ആദ്യത്തെ വാക്ക് മന:സാക്ഷി(conscience) ആണ്, രണ്ടാമത്തെ വാക്കായി രിക്കും അടുത്ത പ്രഭാഷണത്തിൽ കൈകാര്യം ചെയ്യുക.
നിങ്ങളുടെ സമയത്തിന് നന്ദി. സായിറാം.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)